Kerala Infrastructure and Technology for Education

little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഐ. ടി. ക്ലബ്ബ്

**നമ്പർ LK/2018/46062**

---

**സെന്റ് അലോഷ്യസ് ഹയർ സെക്കന്ററി സ്കൂൾ എടത്വാ**

**ആലപ്പുഴ: 689573, ഫോൺ: 0477 – 2212296**



# ഡിജിറ്റൽ മാഗസിൻ

# ധ്വനി

## സെന്റ് അലോഷ്യസ് എച്ച് എസ്സ്
## എടത്വാ

# ഉള്ളടക്കം

- ഞങ്ങളുടെ നാട്
- മുത്ത്
- സിംഹവും മുയലും
- കുതിരയും സിംഹവും
- തുരങ്കപാത
- വേഗതയേറിയ ട്രെയിൻ
- ഡോക്ടർമാരെ ആദരിക്കാം
- poem

- പ്രപഞ്ചം
- മൂഢത്വം
- സഡാക്കോയുടെ ഓർമ്മയിൽ

# ഞങ്ങളുടെ നാട്

ഞങ്ങളുടെ നാടുണർന്നു നാടുണർന്നുവല്ലോ
ഞങ്ങളുടെ നാളുണർന്നു നാളുണർന്നുവല്ലോ
വടക്കുനിന്നു വീശിടുന്ന
ദേവദാരുക്കാറ്റേ,
തെക്കുനിന്നു വീശിടുന്ന
തെങ്ങോലക്കാറ്റേ,
കിഴക്കുനിന്നു വീശിടുന്നൊ-
രേലമണിക്കാറ്റേ,
മേക്കുനിന്നു വീശിടുന്ന
പനയോലക്കാറ്റേ,
പച്ചയായി, വെള്ളയായി, ചോപ്പുമായി മീതെ
പാറുവതു ഞങ്ങളുടെ സ്വപ്നമല്ലി നീളെ?
വിണ്ണരചനിപ്പുതിയ പുലരിയിലീനാട്ടിൽ
പൊന്നും വെള്ളിയുമൊപ്പം കോരി-
ച്ചൊരിയുകയല്ലല്ലീ?



ലോറൻസ് ജോസഫ്
9C

# മുത്ത്

കാതിലും മുത്ത്, കഴുത്തിലും മുത്ത്
അരയിലും മുത്ത്, കാലിലും മുത്ത്
എല്ലാ മുത്തിലും മീതെയാംകുഞ്ഞേ, നിൻ-
ചുണ്ടിൽ വിരിയുന്ന മുത്ത്, നിൻെറ
കണ്ണിൽ നിറയുന്ന മുത്ത്!

ഏഴുകടലിനും കിട്ടാത്തൊന്നാ-
ണേഴഴകുള്ളൊരീ മുത്ത്!
താപക്കടലിൽ ഞാനൊറ്റയ്ക്കാണ്ടിട്ടു



പ്രണവ് പ്ര സനൻ
9C

# സിംഹവും മുയലും

കാട്ടിലെ ഭരണം സിംഹത്തിന്റെ കൈയിലാണ്. രാജാവ് ആരെ വേണമെങ്കിലും ഏതു നിമിഷവും വിചാരണ കൂടാതെ വധിച്ചുകളയും.

അങ്ങനെയിരിക്കെ സിംഹത്തിനെതിരായി പ്രജകൾ ശബ്ദമുയർത്താൻ തുടങ്ങി. ഒരു ദിവസം അവർ ഒരു യോഗം ചേർന്നു. മാൻ, മയിൽ, പന്നി, കുറുക്കൻ തുടങ്ങി പലരും ആവേശത്തോടെ പ്രസംഗിച്ചു.

അവസാനം മുയൽ പ്രസംഗിക്കാൻ എഴുന്നേറ്റു. അവൻ മൈക്കിനു മുന്നിൽ വന്നുനിന്നു. അവൻ പറഞ്ഞു: "സുഹൃത്തുക്കളേ, ഈ കാട്ടിലെ ഭരണം ഭീകരമാണ്, ദുസ്സഹമാണ്. അക്രമവും അനീതിയും മാത്രമേ ഈ കാട്ടിൽ കാണുന്നുള്ളൂ. ആർക്കും രക്ഷയില്ല. ഇതെന്തൊരു സ്വേച്ഛാധിപത്യഭരണമാണെന്ന് ഞാൻ ചോദിക്കയാണ്. ഈ ദുർഭരണം നടത്തുന്ന ഭീകരൻ ആരായാലും അവനെ ഈ കാട്ടിൽനിന്ന് കെട്ടുകെട്ടിക്കും. അവൻ ചെയ്യുന്ന ഓരോ തെറ്റിനും ശിക്ഷ നല്കാൻ ഞങ്ങൾ തയ്യാറായിക്കഴിഞ്ഞു. ഭീകരമായ ഈ അഴിഞ്ഞാട്ടങ്ങൾ അവസാനിപ്പിക്കണം."

ശ്രോതാക്കളായ മറ്റുമൃഗങ്ങൾ കൈയടിച്ച് ഹർഷാരവം മുഴക്കി.

അപ്പോൾ ആ വഴി എന്തിനോ സിംഹം വന്നു. മുയലിന്റെ പ്രസംഗം കേട്ടുകൊണ്ടാണ് സിംഹരാജന്റെ വരവ്.

"പ്രസംഗം കേമമായിരുന്നു. പറഞ്ഞപ്രകാരം ഉടനെ വേണ്ടതു ചെയ്യണം. താമസിക്കേണ്ട," സിംഹം അചഞ്ചലനായിനിന്ന് മുയലിനെ നോക്കിയാണ് ഇതു പറഞ്ഞത്.

സിംഹത്തിന്റെ അപ്രതീക്ഷിതമായ വരവുകണ്ട് മുയൽ ഭയന്നു. അവൻ സ്റ്റേജിൽനിന്നും ഇറങ്ങി ഓടിയൊളിച്ചു. മറ്റു മൃഗങ്ങൾ പേടിച്ചുവിറച്ചു. അവർ കൈകൂപ്പി സിംഹത്തെ വണങ്ങിക്കൊണ്ട് ഓരോരുത്തരായി പിൻമാറി. ഇതു കണ്ട് സിംഹം പൊട്ടിച്ചിരിച്ചു.

***പ്രസംഗിക്കാൻ എളുപ്പമാണ്. പക്ഷെ, പ്രാവർത്തികമാക്കാൻ പ്രത്യേക കഴിവുവേണം.***

കുര്യാക്കോസ് ജോസ്

9 B

# സിംഹവും കുതിരയും

സിംഹത്തിന് സുഖമില്ല. നടക്കാൻ വയ്യ. ഏതെങ്കിലും മൃഗം അടുത്തു വന്നാൽ പിടിച്ചുതിന്ന് വിശപ്പടക്കാം. സിംഹം ആർത്തിയോടെ തന്റെ ഗുഹയിൽ പുറത്തേക്ക് കണ്ണുംനട്ട് കിടന്നു.

സിംഹം ഒരുപായം കണ്ടെത്തി. ഒരു വൈദ്യനായി അഭിനയിച്ചു നോക്കാം. അപ്പോൾ മൃഗങ്ങൾ അടുത്തുവരും. ഉടനെ അവരെ പിടിച്ചുതിന്നുകയും ചെയ്യാം.

ഇങ്ങനെ പ്ലാനിട്ടിരിക്കുമ്പോൾ ഒരു കുതിര ആ വഴി വന്നു. സിംഹം കുതിരയെ വിളിച്ചു. സിംഹം പറഞ്ഞു: "ഞാൻ ഇവിടെ പുതിയതായി വന്ന വൈദ്യനാണ്. ഏതു രോഗവും ചികിത്സിച്ച് മാറ്റാൻ എനിക്കു കഴിയും."

ഇതുകേട്ട് കുതിര സിംഹത്തെ നോക്കി ചിരിച്ചുകൊണ്ട് തന്റെ വഴിക്കുപോയി.

പിറ്റേന്ന് കുതിര ആ വഴി വന്നു. മുടന്തി മുടന്തിയാണ് അവൻ വന്നത്. സിംഹത്തിന്റെ മുന്നിൽ വന്ന് കുതിര പറഞ്ഞു: "വൈദ്യരേ, എന്റെ കാലിൽ വലിയ ഒരു മുള്ള് കയറിയിരിക്കുന്നു. എന്നെ രക്ഷിക്കണം."

സിംഹം പറഞ്ഞു: "കാലുയർത്തി നില്ക്കൂ. ഞാൻ പരിശോധിക്കട്ടെ."

കുതിര കാൽ ഉയർത്തി സിംഹത്തിന്റെ മുഖത്തിന് മുകളിൽ പിടിച്ചു. സിംഹം കുതിരയുടെ കാലിന്റെ അടി പരിശോധിച്ചു. കാലുയർത്തി നില്ക്കുന്ന കുതിരയുടെമേൽ ചാടിവീണ് അതിനെ കൊന്ന് തനിക്ക് ഭക്ഷണമാക്കണമെന്ന് സിംഹം തീരുമാനിച്ചു.

എന്നാൽ, കുതിര പെട്ടെന്ന് സിംഹത്തിന്റെ മൂക്കിന്മേൽ തന്റെ കാലുകൊണ്ട് ശക്തിയായി ഒരു തൊഴിവെച്ചുകൊടുത്തു.

സിംഹത്തിന് വേദനകൊണ്ട് ഒന്നും പറയാനോ ചെയ്യാനോ കഴിഞ്ഞില്ല. അവൻ പ്രാണവേദനയോടെ നിലവിളിച്ചു.


അബോധാവസ്ഥയിലായിക്കൊണ്ടിരുന്ന സിംഹം കുതിരയുടെ പരിഹാസച്ചിരിയും അകന്നകന്നുപോകുന്ന കുളമ്പടി ശബ്ദവും കേട്ടു.

***മറ്റുള്ളവർക്ക് കെണികളൊരുക്കുന്നവർ ചിലപ്പോൾ സ്വയം അതിൽ ചെന്നുചാടുന്നു. താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴും.***

എബിൻ തോമസ്


9A

# തുരങ്കപാത



ഏഷ്യയിലെ ഏറ്റവും നീളമേറിയ തുരങ്കപാത ജമ്മു-ശ്രീനഗർ ദേശീയ പാതയിൽ ഗതാഗതത്തിനു തുറന്നു കൊടുത്തു. ജമ്മു-കശ്മീരിലെ പർവത പ്രദേശത്തു റെക്കോർഡ് വേഗത്തിൽ നാലുവർഷം കൊണ്ടു പണിത 10.89 കിലോമീറ്റർ ഉധംപുർ-റംബാൻ തുരങ്കപാത ഇന്ത്യയിൽ ആദ്യമായി പൂർണമായും ഏകീകൃതമായ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന തുരങ്കമാണ്. സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 4000 അടി ഉയരത്തിലാണ് തുരങ്കം സ്ഥിതി ചെയ്യുന്നത്.

# വേഗതയേറിയ ട്രെയിൻ



ലോകത്തിലെ ഏറ്റവും വേഗമേറിയ ട്രെയിൻ ചൈനയിലെ ബെയ്ജിംഗിൽ നിന്നും ഷാംഗ്ഹായിലേക്ക് സർവ്വീസ് ആരംഭിച്ചു. മണിക്കൂറിൽ 350 മുതൽ 400 വരെ കിലോമീറ്ററാണ് ട്രെയിനിന്റെ വേഗം. ബുള്ളറ്റ് ട്രെയിൻ മോഡലിലാണ് രൂപകൽപന.

സിബിൻമോൻ ബി.

9 A

# ഡോക്ടർമാരെ ആദരിക്കാം

ദേശീയതലത്തിൽ ഡോക്ടർമാർക്കായി മാറ്റിവച്ചിരിക്കുന്ന ദിനമാണ് ജൂലൈ ഒന്ന്. ഇന്ത്യൻ വൈദ്യശാസ്ത്രരംഗത്തിന് നിരവധി സംഭാവനകൾ നൽകിയ ഡോ. ബി.സി. റോയിയുടെ ജൻമദിനവും ചരമദിനവുമായ ജൂലൈ ഒന്ന് 'ഡോക്ടേഴ്സ് ഡേ' ആയി പ്രഖ്യാപിച്ചത് 1991ൽ ആയിരുന്നു. മഹാത്മാ ഗാന്ധിയുടെ അടുത്ത സ്നേഹിതനും ചികിത്സകനുമായിരുന്ന ഡോ. ബി.സി. റോയ് പിന്നീട് പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുമായി. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ നിർണായക പങ്കുവഹിച്ചിട്ടുള്ള അദ്ദേഹത്തെ രാഷ്ട്രം ഭാരതരത്ന നൽകി ആദരിച്ചിട്ടുണ്ട്.

സമൂഹത്തിൽ ഡോക്ടർമാരുടെ സ്ഥാനവും അവരുടെ പ്രാധാന്യവും നമ്മെ ഓർമപ്പെടുത്തുകയും അവരെ ആദരിക്കുകയുമാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.

സബിൻ ഡാനിയേൽ ജോസഫ്

9 C

# This is just to say.....

I have eaten
the plums
that were in
the icebox


and which
you were probably
saving

for breakfast

Forgive me
they were delicious
so sweet
and so cold

William Carols Williams

collected by: Berchmans Vattakalam
9A



പീറ്റർ ജോസഫ്
9C

# പ്രപഞ്ചം

എത്ര സുന്ദരമീ പ്രപഞ്ചം-
കത്തിജ്വലിക്കുന്ന സൂര്യൻ,
പുഞ്ചിരി വിതറുന്ന പൂക്കൾ,
കരകവിഞ്ഞൊഴുകുന്ന പുഴകൾ,
മധുരമായ് പാടുന്ന കിളികൾ.
രാത്രിതൻ ശോഭയിൽ
മിന്നിത്തിളങ്ങും മിന്നാമിന്നികൾ,
ആകാശത്തിൻ മാറ്റുകൂട്ടി
തിങ്ങിനിറയും താരകങ്ങൾ.
ദൈവത്തിൻ കരസൃഷ്ടിയല്ലോ
ഈ പ്രപഞ്ചം മുഴുവൻ.

ഗ്രിഗറി ഔസേഫ്
9B

# മൂഢത്വം

ഒരിക്കൽ മൂഢനായ ഒരുവൻ ജനമദ്ധ്യത്തിൽ നിന്നു പ്രസംഗിക്കുകയായിരുന്നു. പ്രസംഗിച്ചു കൊണ്ടു നില്ക്കുന്ന അവസരത്തിൽ അങ്ങകലെ യോഗ്യനായ ഒരാൾ നടന്നുപോകുന്നതു കണ്ടപ്പോൾ അയാളെ വിരൽചൂണ്ടിക്കൊണ്ട് തന്റെ ചുറ്റും കൂടിയിരിക്കുന്ന ജനങ്ങളോടായി അയാൾ പറഞ്ഞു:

“അതാ ആ പോകുന്ന ആൾ എന്റെ സഹോദരനാണ്. അതിനാൽ അയാളുടെ സ്വത്തിന്റെ അവകാശം എനിക്കാണ്. എന്നാൽ ഒരു കാര്യം ഞാൻ വ്യക്തമായി പറയാം. ഞാൻ അയാളുടെ ആരുമല്ല. അതുകൊണ്ടുതന്നെ അയാളുടെ കടത്തിന് ഞാൻ ഉത്തരവാദിയുമല്ല!”

എങ്ങനെയുണ്ട് മൂഢന്റെ മൂഢത്വം?

സ്വത്തു ലഭിക്കുവാൻ മാത്രം സഹോദരൻ! സ്വാർത്ഥത്താൽ അന്ധനായവന്റെ പ്രവൃത്തി ഇതുപോലെ വിചിത്രമായിരിക്കും.





മണികണ്ഠൻ കെ എം
9C


# ജറ്റായ്പ്പ ഡാം

ലോകത്തിലെ ഏറ്റവും വലിയ വൈദ്യുത ഉൽപാദനകേന്ദ്രമാണ് ജറ്റായ്പു ഡാം. ഈ ഡാം സ്ഥാപിച്ചിരിക്കുന്നത് ബ്രസീലിനും പരാഗ്വയ്ക്കും ഇടയ്ക്കുള്ള പരാന നദിയുടെ കുറുകെയാണ്. ഇത് ആ രണ്ടു രാഷ്ട്രങ്ങൾ തമ്മിലുള്ള സംയുക്തസംരഭമാണ്. 1975 തുടങ്ങിയ ഡാം നിർമ്മാണം 1991–ലാണ് അവസാനിച്ചത്. ഇതിൽ 18 വൈദ്യുതി ഉൽപാദന യൂണിറ്റാണുള്ളത്. ഇതിന്റെ മൊത്തം ഉത്പാദനശേഷി 12600 മെഗാവാട്ടാണ്. ഇതിപ്പോൾ വളർന്നുവരുന്ന അന്തരാഷ്ട്ര വിനോദസഞ്ചാരകേന്ദ്രം കൂടിയാണ്. ഇറ്റായ്പു ഹൈഡ്രോ ഇലക്ട്രിക് പവർ പ്ലാന്റ് നിർമ്മിക്കാൻ 380 ഈഫൽ ടവറുകൾ ഉണ്ടാക്കാനുള്ള ഇരിമ്പും ഉരുക്കുമാണ് ഉപയോഗിച്ചിരിക്കുന്നത്. ആധുനികലോകത്തിലെ അത്ഭുതങ്ങളിലൊന്നായാണ് ഈ ഡാം പരിഗണിക്കപ്പെടുന്നത്.

അർജ്ജുൻ സന്തോഷ്
9 C

# സഡാക്കോയുടെ ഓർമ്മയിൽ.....

അമേരിക്കയുടെ ജപ്പാനിലെ ബോംബു വർഷത്തിന്റെ ഇരയായിരിന്നു സഡാക്കോസസുക്കി ബോംബു വർഷത്തിലെ വികിരണങ്ങളുടെ ആഘാതം അവളെ ഒരു രക്താർബുദ രോഗിയാക്കി മാറ്റി.തന്റെ രോഗത്തിൽ നിന്ന് വിമുക്തി നേടാൻ ആയിരം കൊറ്റികളെ ഉണ്ടാക്കാൻ തീരുമാനിച്ചു.അവൾ ഉണ്ടാക്കിയ കൊറ്റികൾ സഡാക്കോ കൊക്കുകൾ എന്ന പേരിൽ ഇന്നും ചരിത്രത്തിൽ ഇടം നേടിയിരിക്കുന്നു. ഇത് ഇന്നും യുദ്ധവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നു.



ലോറൻസ് ജോർജ്
9 C